പെട്ടന്നുതന്നെ സമീപത്തുണ്ടായിരുന്ന രണ്ട് ഡോക്ടർമാരും അവിടെ എത്തിയിരുന്നു. പക്ഷേ അവിടെ സർജൻ ഇല്ലായിരുന്നു എന്നുള്ളത് ശരിയാണ്. ന്യൂറോസർജൻമാർ നമ്മുടെ ഹെൽത്ത് ഡിപ്പാർട്ടുമെന്റുകളിലില്ല. മെഡിക്കൽ കോളേജുകളിൽ മാത്രമേയുള്ളൂ. അവരെ അടിയന്തരമായി റഫർ ചെയ്ത് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അയയ്ക്കുകയാണുണ്ടായത്. ആശുപത്രിയിൽ സൗകര്യങ്ങളുമുണ്ടായിരുന്നു, അടിയന്തരമായി അവിടെ ഡോക്ടർമാർ ഉണ്ടായിരുന്നു. കൂടാതെ രണ്ടു ഡോക്ടർമാർ അവിടേയ്ക്ക് എത്തിച്ചേരുകയും ചെയ്തു. എന്നാൽ വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമായിരുന്നു. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു കാര്യമുണ്ട്. അത് നാഷണൽ ഹൈവേയുടെ അടുത്താണ്, ട്രോമാകെയർ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടിട്ടുള്ള ഇരുപതോളം ആശുപത്രികളിൽ ട്രോമാകെയർ സ്ഥാപിക്കുന്നതിന് ആദ്യഘട്ടമായി നമ്മൾ നടപടി സ്വീകരിച്ചു. കരുനാഗപ്പള്ളി ആശുപത്രിയിലും ആലപ്പുഴ ആശുപത്രിയിലും സ്ഥാപിക്കുകയാണ്. എന്തായാലും ട്രോമാകെയർ യൂണിറ്റ് അടുത്ത ഘട്ടത്തിൽ ഇവിടെ സ്ഥാപിക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഇവിടെ പി.ജി. കഴിഞ്ഞ കുട്ടികൾ ഉണ്ട്. വളരെ പെട്ടെന്നുതന്നെ സർജനെ അവിടെ നിയമിക്കുന്നതിനു വേണ്ടി ഡി.എച്ച്.എസ്സിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉടൻ തന്നെ അവിടെ സർജനെ നിയമിക്കുന്നതാണ്.

(29) വിഴിഞ്ഞം പി.എച്ച്.സി. താലൂക്ക് ആശുപത്രിയാക്കൽ

ശ്രീമതി ജമീലാ പ്രകാശം: സർ, കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ വർഷന്തോറും പല തരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കാറുണ്ട്. പലപ്പോഴും നിരവധി പേരുടെ മരണത്തിനും അത് ഇടയാക്കാറുണ്ട്. കാലാവസ്ഥ വ്യതിയാനവും കൂടുതൽ രോഗങ്ങൾക്ക് വഴിയൊരുക്കാറുണ്ട്. ഈ വർഷവും പലതരത്തിലുള്ള പകർച്ചപ്പനികൾ പടർന്നുപിടിക്കുകയുണ്ടായി. ഈ പനിയുടേയും മറ്റും ശ്രദ്ധക്കുറവിൽ ചിലർ മരണപ്പെടുകയും ചെയ്തു. ഈയിടെ വിഴിഞ്ഞത്ത് ഡിഫ്ത്തീരിയ ബാധിച്ച് ഒരു ആറാം ക്ലാസ് വിദ്യാർത്ഥിനി മരിച്ചു. വർഷങ്ങൾക്കുമുമ്പ് നിർമ്മാർജ്ജനം ചെയ്തതായി രേഖകളിൽ കാണുന്നതാണ് ഈ രോഗം. അങ്ങനെ പാടെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു കരുതുന്ന പല രോഗങ്ങളും മടങ്ങിവന്നുകൊണ്ടിരിക്കുന്നുവെന്നത് ആശങ്കാജനകമാണ്. വളരെയധികം ജനസാന്ദ്രതയുള്ള കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ പൂവാർ, പുല്ലുവിള, വിഴിഞ്ഞം എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കോട്ടുകാൽ പ്രാഥമിക ആരോഗ്യ കേന്ദ്രവും മാത്രമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുകളും കിടക്കകളും മറ്റു സൗകര്യങ്ങളുമില്ല എന്ന പരാതി വളരെക്കാലമായി ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം സാമൂഹ്യാരോഗ്യകേന്ദ്രത്തിൽ പ്രസവമുറി, ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ റൂം എന്നീ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും ഇവയൊന്നും സ്റ്റാഫ് ഇല്ലാത്തതിനാൽ ഉപയോഗിക്കപ്പെടുന്നില്ല ഈ സാഹചര്യത്തിൽ വിഴിഞ്ഞം ആരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്കോ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേയ്ക്കോ ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>) : സർ, തിരുവനന്തപുരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പുല്ലുവിള, വിഴിഞ്ഞം ആശുപ്രതികളിലും പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പൂവാർ സാമൂഹ്യാരോഗ്യകേന്ദ്രത്തിലും ആവശ്യത്തിന് ഡോക്ടർമാരും അനുബന്ധ സ്റ്റാഫും നിലവിലുണ്ട്. സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള മുഴുവൻ സ്റ്റാഫുമുണ്ട്. അനുവദിക്കപ്പെട്ട തസ്തികകൾക്കു പുറമേ പുല്ലുവിള ആശുപത്രിയിൽ 3 ഡോക്ടർമാരെയും 4 സ്റ്റാഫ് നേഴ്സുമാരേയും വിഴിഞ്ഞം ആശുപത്രിയിൽ 2 ഡോക്ടർമാരേയും ഒരു സ്റ്റാഫ് നേഴ്സിനേയും പൂവാർ ആശുപത്രിയിൽ 3 ഡോക്ടർമാരേയും 5 സ്റ്റാഫ് നേഴ്സുമാരേയും എൻ.ആർ.എച്ച്.എം. മുഖേന കൂടുതലായി നിയമിച്ചിട്ടുണ്ട്. ഈ 3 ആശുപ്രതികളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. തീരദേശമേഖലയായതുകൊണ്ട് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടുകാൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. തീരദേശം എന്നനിലയിൽ ഈ പ്രദേശത്തെ ആശുപത്രികൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഓരോ ബ്ലോക്കുപഞ്ചായത്തിലേയും ഒരു ആശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി 154 ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. വിഴിഞ്ഞം സാമൂഹ്യാരോഗ്യകേന്ദ്രം ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. 96 സെൻറ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന വിഴിഞ്ഞം സി.എച്ച്.സി.ക്ക് സ്ഥലപരിമിതിയുണ്ടെങ്കിലും തീരദേശമേഖല എന്നുള്ള പ്രത്യേക പരിഗണന നൽകി താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന കടകുളം കോളനിയിലെ 10 വയസ്സുള്ള പെൺകുട്ടി ഡിഫ്ത്തീരിയ രോഗംമൂലം 23-6-2014-ന് മരണപ്പെടുകയുണ്ടായി. സംസ്ഥാനത്ത് ഇതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നു. ടിനു എന്ന ഈ കുട്ടിക്ക് പ്രതിരോധ ചികിത്സ കൃത്യമായി എടുത്തിരുന്നില്ല. ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഫീൽഡ് ജീവനക്കാർ പല പ്രാവശ്യം കുട്ടിയുടെ വീടും പരിസരവും സന്ദർശിച്ച് ആരോഗ്യബോധവത്ക്കരണ പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിന് മാതാപിതാക്കൾ താല്പര്യം കാട്ടിയിരുന്നില്ല. തീരദേശ ഗ്രാമം ഉൾപ്പെട്ട ജില്ലയിൽ പ്രതിരോധകുത്തിവയ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി സർവ്വേ, ബോധവത്ക്കരണ പരിപാടികൾ, പ്രതിരോധ കുത്തിവയ്പുകൾ, ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ വിജയിപ്പിക്കുന്നതിനും പ്രതിരോധ കുത്തിവയ്പ് വാരം ആചരിക്കുന്നതിനും ആവശ്യമായ ഫണ്ടും വാക്സിനുകളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(30) നഴ്സുമാരുടെ നിയമനം

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ സംവരണ അട്ടിമറി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ എൻ.സി.എ. വിഭാഗത്തിൽ 14-10-2009-ന് കാറ്റഗറി നമ്പർ. എം. 391/2009 പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് വർഷങ്ങൾക്കുശേഷം 28-1-2014-ലാണ്. വിജ്ഞാപനം ക്ഷണിക്കുമ്പോൾ ധീവര വിഭാഗത്തിന് 11 ഒഴിവും മുസ്ലീം വിഭാഗത്തിന് 67 ഒഴിവും ഉണ്ടായിരുന്നു. 30-4-2014-ൽ എൻ.സി.എ. ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള 131 ഒഴിവിലേക്കും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകി. ആദ്യത്തെ 86 പേർക്ക് ഹെൽത്ത് സർവ്വീസിലും, 40 പേർക്ക് മെഡിക്കൽ എഡ്യൂക്കേഷനിലും, 5 പേർക്ക് മെഡിക്കൽ കോളേജിലേക്കുമാണ് മെമ്മോ നൽകിയത്. ഇതിൽ താഴെ റാങ്ക് നേടിയ 45 പേർ ഡി.എം.ഇ.-യുടെ കീഴിലുള്ള മെഡിക്കൽ കോളേജിൽ നിയമനം നേടി. ഉയർന്ന റാങ്ക് നേടിയ 86 പേർക്ക് ഇതുവരെയും ഹെൽത്ത് സർവ്വീസിൽ നിന്ന് നിയമനം ലഭിച്ചിട്ടില്ല. ഇതിന് കാരണമായി ഡി.എം.ഒ. പറയുന്നത് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം